**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സിനിമാ ടിക്കറ്റിൻമേൽ ഈടാക്കുന്ന വിനോദ നികുതി - പ്രാബല്യ തീയതി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.149/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 22/11/2019

---

പരാമർശം:1) 31/08/2019 തീയതിയിലെ സ.ഉ.(കൈ) നം. 112/2019/ തസ്വഭവ

2) ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള (FEUOK) ജനറൽ സെക്രട്ടറി സമർപ്പിച്ച 16/11/2019 തീയതിയിലെ നിവേദനം

**ഉത്തരവ്**

പരാമർശം (1) പ്രകാരം 100 രൂപയിൽ കുറവുള്ള സിനിമാ ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും 01/09/2019 തീയതി മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിയ്ക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16/11/2019 മുതൽ വിനോദനികുതി കൃത്യമായി പിരിച്ചെടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടയ്ക്കുന്നതാണെന്നും വിനോദനികുതി ഇതുവരെ പിരിക്കാത്ത തീയറ്ററുകളെ മുൻകാല പ്രാബല്യത്തിലുള്ള വിനോദ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള (FEUOK) ജനറൽ സെക്രട്ടറി സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നതിൻ പ്രകാരം 01/09/2019 തീയതി മുതൽ വിനോദനികുതി ഈടാക്കാത്ത തീയറ്റർ ഉടമകൾ 16/11/2019 മുതൽ വിനോദനികുതി കൃത്യമായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. 01/09/2019 മുതൽ 15/11/2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ലാത്ത തീയറ്റർ ഉടമകൾ അപ്രകാരം വിനോദനികുതി ഈടാക്കിയിട്ടില്ല എന്ന ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശ സ്വയം ഭരണ (ആർ സി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ